പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1607 | 13.07.2011ൽ മറുപടിയ്ക്ക് |
|---|---|

**ബാലവേല കണ്ടുപിടിക്കുന്നതിന് സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഹോട്ടലുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ബാലവേല ചെയ്യുന്ന കുട്ടികളെ കണ്ടുപിടിക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) യും (ബി) യും | ഹോട്ടലുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ബാലവേല ചെയ്യുന്ന കുട്ടികളെ കണ്ടുപിടിക്കാൻ തൊഴിൽ വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും ടാക്സ് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. അതിനാൽ സാമൂഹ്യക്ഷേമ വകുപ്പിൽ ഇത്തരത്തിൽ ടാക്സ് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇത്തരത്തിൽ റെയ്ഡ് നടത്തി രക്ഷപ്പെടുത്തുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ സംരക്ഷണം നൽകുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ ചിൽഡ്രൻസ് ഹോമുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. |
| (ബി) | ബാലവേല കണ്ടുപിടിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പ് ജില്ലകൾ തോറും സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ